# മഹാത്മാ ഗാന്ധി സർവ്വകലാശാല

പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

*പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം-* 686560

***ഫോൺ:*** 0481-2733370


## വാർത്താക്കുറിപ്പ്

**2025 ജനുവരി 9**

---

## ഗവേഷണ കരിയർ; പ്രഭാഷണങ്ങൾ ഇന്ന്

*ഗവേഷണം കരിയറായി തിരഞ്ഞെടുക്കുന്നവർക്ക് പുതു സാധ്യതകൾ പരിചയപ്പെടുത്തുന്നതിന് ഓസ്ട്രേലിയയിലെ സ്വിൻബൺ സർവകലാശാലയിലെ പ്രഫസർമാരായ ഡോ. നിസാർ ഹമീദും ഡോ. നിസ സലീമും ഇന്ന്(ജനുവരി 10) മഹാത്മാ ഗാന്ധി സർവകലാശാലയിൽ പ്രഭാഷണം നടത്തും.*

*രാവിലെ പത്തിന് കൺവർജൻസ് അക്കാദമിയ കോംപ്ലക്സിലെ ഇന്റർനാഷണൽ ആന്റ് ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ നാനോസയൻസ് ആന്റ് നാനോ ടെക്നോളജിയിൽ ഉച്ചകഴിഞ്ഞ് 3.30 മുതലാണ് പരിപാടി. വിദ്യാർഥികൾക്കും ഗവേഷകർക്കും പ്രഫഷണലുകൾക്കും പങ്കെടുക്കാം. ഓൺലൈൻ മീറ്റിംഗ് ലിങ്ക്* https://meet.google.com/qkk-ztiz-dmf.

## പ്രഫ. സാബു തോമസിന് അവാർഡ്

*ഖരഗ്പൂർ ഐ.ഐ.ടിയുടെ 2024ലെ ഡിസ്റ്റിംഗുഷ്ഡ് അലുംനസ് അവാർഡിന് മഹാത്മാ ഗാന്ധി സർവകലാശാലാ മുൻ വൈസ് ചാൻസലറും സ്കൂൾ ഓഫ് നാനോ സയൻസ് ആന്റ് നാനോ ടെക്നോളജി ഡയറക്ടറുമായ പ്രഫ. സാബു തോമസ് തിരഞ്ഞെടുക്കപ്പെട്ടു.*

*വിവിധ മേഖലകളിൽ നിർണായക സംഭാവനകൾ നൽകിയ പൂർവ വിദ്യാർഥികളായ 13 പേർക്കാണ് ഇത്തവണ പുരസ്കാരം നൽകിയത്.*

*അക്കാദമിക, ഗവേഷണ മേഖലകളിലെ നേട്ടങ്ങളും പൊതു സമൂഹത്തിന് നൽകിയ സേവനങ്ങളും പരിഗണിച്ചാണ് പ്രഫ. സാബു തോമസിനെ പുരസ് കാരത്തിന് തിരഞ്ഞെടുത്തത്. ഐ.ഐ.ടിയുടെ എഴുപതാമത് ബിരുദ ദാനച്ചടങ്ങിനോടനുബന്ധിച്ച് അവാർഡ് സമ്മാനിച്ചു.*

*ഫോട്ടോ ക്യാപ്ഷൻ...*

*പ്രഫ. സാബു തോമസ്*

*(പി.ആർ.ഒ/39/1195/2024)*

## സിവിൽ സർവീസ്; മാതൃകാ പരീക്ഷകൾ

*മെയ് മാസത്തിൽ നടക്കുന്ന സിവിൽ സർവീസ് പ്രിലിമിനിറി പരീക്ഷയ്ക്ക് മുന്നോടിയായി മഹാത്മാ ഗാന്ധി സർവകലാശാലയിലെ സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ട് മാതൃകാ പരീക്ഷകൾ നടത്തുന്നു. ജനുവരി 16 മുതൽ മെയ് 15 വരെ പ്രിലിമിനറി പരീക്ഷയുടെ മാതൃകയിൽ 20 പരീക്ഷകളും അതുമായി ബന്ധപ്പെട്ട വിശദീകരണ ക്ലാസുകളും നടക്കും. പങ്കെടുക്കാൻ താത്പര്യമുള്ളവർ 9188374553 എന്ന നമ്പരിൽ ബന്ധപ്പെടണം.*

*(പി.ആർ.ഒ/39/1199/2024)*

## പരീക്ഷാ തീയതി

*ഒന്നാം സെമസ്റ്റർ ബിവോക്ക് (പുതിയ സ്കീം- 2024 അഡ്മിഷൻ റെഗുലർ, 2023 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2018 മുതൽ 2023 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്) പരീക്ഷകൾ  ജനുവരി 20 മുതൽ നടക്കും.*

*(പി.ആർ.ഒ/39/1196/2024)*

## പ്രാക്ടിക്കൽ

*മൂന്നാം സെമസ്റ്റർ എംഎസ്സി ഹോംസയൻസ് (2023 അഡ്മിഷൻ റഗുലർ, 2019 മുതൽ 2022 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ് ഒക്ടോബർ 2024) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ  ജനുവരി 13 മുതൽ നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.*

*(പി.ആർ.ഒ/39/1197/2024)*

## പരീക്ഷക്ക് അപേക്ഷിക്കാം

*രണ്ടാം സെമസ്റ്റർ ബാച്ച്ലർ ഓഫ് ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് (2023 അഡ്മിഷൻ റഗുലർ, 2022 അഡ്മിഷൻ സപ്ലിമെന്ററി, 2019 മുതൽ 2021 വരെ അഡ്മിഷനുകൾ  മെഴ്സി ചാൻസ് സെപ്തംബർ 2024)  പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് ജനുവരി 22 വരെ അപേക്ഷിക്കാം.*

*(പി.ആർ.ഒ/39/1198/2024)*

പബ്ലിക് റിലേഷൻസ് ഓഫീസർ